22

# പന്തിരുവരെ ഉപദേശിക്കൽ

## (10:24- 42)

അടുത്തത്, താൻ മുന്നറിയിച്ചതായ ഉപദ്രവത്തെ ഭയപ്പെടാതിരിക്കുന്നതിനുള്ള കാരണങ്ങൾ, യേശു തന്റെ ശിഷ്യന്മാരെ ബോധ്യമാക്കി. യേശു അപ്പൊസ്തലന്മാർക്ക് മുഖ്യമായ നിർദ്ദേശങ്ങൾ കൊടുത്തുകൊണ്ടിരുന്നപ്പോൾ, 10:24-ൽ ഒരു മാറ്റം സംഭവിക്കുന്നത് കാണാം. ("നിങ്ങൾ") എന്ന രണ്ടാം വ്യക്തിക്കു പുറമെ, അതുമുതൽ യേശു തീർച്ചയില്ലാത്ത മൂന്നാമത്തെ ആളെ ഉദ്ദേശിച്ചാണ് സംസാരിക്കുന്നത് (ഉദാഹരണമായി, "ഒരു ശിഷ്യൻ," "എല്ലാവരും," "ആരായാലും" എന്നൊക്കെയാണ്). പിന്നീട് പറയുന്നതെല്ലാം തന്റെ എല്ലാ ശിഷ്യരേയും ബാധിക്കുന്നതായിട്ടാണ് ആ വ്യാകരണ മാറ്റത്തിലുള്ളത്.

### "ഒരു ശിഷ്യൻ യജമാനനു മീതെയല്ല" (10:24, 25)

**24"ശിഷ്യൻ ഗുരുവിൻ മീതെയല്ല, ദാസൻ യജമാനനു മീതെയുമല്ല. 25ഗുരുവിനെ പോലെയാകുന്നത് ശിഷ്യനു മതി; യജമാനനെ പോലെയാകുന്നതു ദാസനും മതി. അവർ വീട്ടുടയവനെ ബെയെൽസെബൂൽ എന്നു വിളിച്ചുവെങ്കിൽ, വീട്ടുകാരെ എത്ര അധികം!"**

**വാക്യം 24**. നേരിടുവാനിരിക്കുന്ന ശത്രുതയെ യേശു അപ്പൊസ്തലന്മാരെ മുന്നറിയിച്ച ശേഷം, തനിക്കു നേരിട്ടതായ അനുഭവം ഉണ്ടായാൽപോലും, അതിശയിക്കുവാനില്ല എന്ന് അവൻ അവരോട് പറഞ്ഞു. **ശിഷ്യൻ ഗുരുവിൻ മീതെയല്ല, എന്നതും ദാസൻ യജമാനനു മിതെയുമല്ല** എന്നതും സാമാന്യ ബുദ്ധിക്ക് യോജിക്കുന്നതാണ്. ഗുരുവിൽ നിന്നു കേട്ട് പഠിച്ചുകൊണ്ട് അനുഗമിക്കുന്നവനായിരിക്കും ശിഷ്യൻ. ലൂക്കൊസ് ഈ സദൃശവാക്യ വരികളെ മറ്റൊരു സന്ദർഭത്തിൽ ഇങ്ങനെ കൂട്ടിച്ചേർത്തു പറഞ്ഞു, "[ഒരു ശിഷ്യൻ] അഭ്യാസം തികഞ്ഞശേഷം, [അവൻ] ഗുരുവിനെ പോലെ ആകും" (ലൂക്കൊ. 6:40). യേശു മാത്രമാണ് അവരുടെ ഗുരു എന്ന് അവൻ ഊന്നി പറഞ്ഞിരിക്കുന്നു (23:8). അവൻ കഷ്ടത ഏറ്റതിനാൽ, അവന്റെ ശിഷ്യന്മാർക്കും കഷ്ടത പ്രതീക്ഷിക്കാം (1 പത്രൊ. 2:21; 4:1).

പിന്നീട് യോഹന്നാൻ 13:16-ൽ യേശു അവരോട് പറഞ്ഞു, "ദാസൻ യജമാനനേക്കാൾ വലിയവനല്ല; ദൂതൻ തന്നെ അയച്ചവനേക്കൾ വലിയവനല്ല." ഈ വേദഭാഗത്ത് "അയച്ചവൻ" എന്ന അർത്ഥത്തിൽ "ഒരു അപ്പൊസ്തലൻ" എന്നും തർജിമ ചെയ്യാം. യോഹന്നാൻ 15:20-ൽ, ഒരു ദാസനെ കുറിച്ച് ആ പ്രസ്താവന പറഞ്ഞിട്ട് കൂട്ടിച്ചേർത്തു, "അവർ എന്നെ ഉപദ്രവിച്ചു എങ്കിൽ, നിങ്ങളെയും ഉപദ്രവിക്കും; അവർ എന്റെ വാക്ക് പ്രമാണിച്ചു എങ്കിൽ, നിങ്ങളുടേതും പ്രമാണിക്കും." റബ്ബിമാരുടെ പാരമ്പര്യത്തിലും അതുപോലെയുള്ള പ്രസ്താവന കാണാം: "ഒരു ദാസന്, അവൻ യജമാനനെ പോലെ ആകുന്നത് മതി."[1]

**വാക്യം 25. ശിഷ്യൻ ഗുരുവിനെ പോലെ** [ആകുന്നു], അല്ലെങ്കിൽ **ദാസൻ യജമാനനെ പോലെ** [ആകുന്നു]. അവരുടെ ബന്ധം നിമിത്തം അവരോട് രണ്ടു കൂട്ടരോടും ഒരേ രീതിയിൽ പെരുമാറണം. ഉപദ്രവത്തെ സംബന്ധിച്ചും ക്രിസ്തുവിനോടും അവന്റെ ശിഷ്യന്മാരോടും ഒരേ രീതിയിൽ പെരുമാറണം.

യേശു തന്നെ **വീട്ടുടയവനായും** തന്റെ ശിഷ്യന്മാരെ **കുടംബാംഗങ്ങളായും** വിവരിച്ചിരിക്കുന്നു. ഒരു യജമാനനും തന്റെ ദാസന്മാരും എന്ന ഭാവനക്ക് സമാനമാണ് ഈ ഭാഷ. യജമാനൻ "വീട്ടുടയവൻ" ആണ്, അവന്റെ ദാസന്മാരെ "കുടുംബാംഗങ്ങളെ" പോലെയാണ് കണക്കാക്കിയിരുന്നത്. താൻ അനുഭവിച്ചതിനേക്കാൾ **എത്ര അധികം** അവജ്ഞ തന്റെ ശിഷ്യന്മാർ അനുഭവിക്കേണ്ടതായി വരും എന്ന് അവൻ ഓർപ്പിക്കുകയായിരുന്നു. അവനെ "ഭൂതങ്ങളുടെ തലവനായ," **ബെയെൽസെബൂൽ** എന്ന് അവന്റെ വിമർശകർ അവനെ വിളിച്ച് ആക്ഷേപിച്ചു. യേശുവിനെ ആ വാക്ക് പറഞ്ഞു വിളിച്ചത് അവർക്ക് അവനോടുള്ള വെറുപ്പും ബഹുമാനരാഹിത്യവും തെളിയിക്കുന്നു. യജമാനനെ അവർ സാത്താനുമായുള്ള ബന്ധത്തിലുള്ള പേർ പറഞ്ഞ് വിളിച്ചുവെങ്കിൽ (മർക്കൊ. 3:22, 23). അവന്റെ ശിഷ്യന്മാരെ അവർ എത്ര അധികം? ഡഗ്ലസ് ആർ. ഏ. ഹെയർ പററഞ്ഞു, "ബെൽസെബൂൽ എന്നു വിളിച്ചത് 9:34 മായി യോജിച്ചു കിടക്കുന്നു, അവിടെ ആ വിഷയം കൂടുതൽ വെളിപ്പെട്ടിരിക്കുന്നു."[2]

"ബെയെൽസെബൂൽ" എന്ന വാക്കിന്റെ ശരിയായ അർത്ഥത്തെ സംബന്ധിച്ച് വാദത്തിലായിട്ടുണ്ട്.[3] "(സ്വർഗത്തിൽ) വസിക്കുന്ന യജമാനൻ/കർത്താവ്" എന്നാണ് അതിന്റെ അർത്ഥം എന്ന് ചിലർ പറയുന്നു. അതു വാസ്തവമാണെങ്കിൽ, യേശു പറയുന്ന "വീട്ടുടയവൻ [യജമാനൻ] (*ഓയിക്കോഡെസ്പോടെസ്*) എന്നതു വാക്കുകൾ കൊണ്ട് പന്താടുകയാണ്. ആ പേരിന്റെ അർത്ഥം, "ചാണക കർത്താവ്" എന്നാണ്, ബന്ധപ്പെട്ട പേർ "ബെയൽസെബൂബ്" എന്നും അർത്ഥം "ഈച്ചകളുടെ കർത്താവ്" എന്നുമാണ്. അത് പണ്ട്, ഒരു കനാന്യ ദേവന്റെ പേരായിരുന്നു (2 രാജാ. 1:2, 3, 6, 16). ആ പേരിന്റെ അർത്ഥമെന്തായാലും, യെഹൂദപ്രമാണിമാർ യേശുവിനെ *സാത്താൻ* എന്നു വിളിച്ചു പരിഹസിക്കുകയായിരുന്നു.

### "ഭയപ്പെടേണ്ടാ" (10:26-31)

**[26]"അതുകൊണ്ട് അവരെ ഭയപ്പെടേണ്ടാ; മറെച്ചുവെച്ചതു ഒന്നും വെളിപ്പെടാതെയും ഗൂഢമായത് ഒന്നും അറിയാതെയും ഇരിക്കയില്ല. [27]ഞാൻ ഇരുട്ടത്ത് നിങ്ങളോട് പറയുന്നത്, വെളിച്ചത്ത് പറവിൻ; ചെവിയിൽ പറഞ്ഞു കേൾക്കുന്നത്, പുരമുകളിൽനിന്ന് ഘോഷിപ്പിൻ; [28]ദേഹിയെ കൊല്ലുവാൻ കഴിയാതെ, ദേഹത്തെ കൊല്ലുന്നവരെ ഭയപ്പെടേണ്ടാ; ദേഹിയെയും ദേഹത്തെയും നരകത്തിൽ നശിപ്പിപ്പാൻ കഴിയുന്നവനെ തന്നെ ഭയപ്പെടുവിൻ. [29]കാശിന്നു രണ്ടു കുരികിൽ വിൽക്കുന്നില്ലയോ? അവയിൽ ഒന്നുപോലും നിങ്ങളുടെ പിതാവ് സമ്മതിക്കാതെ നിലത്ത് വീഴുകയില്ല. [30]എന്നാൽ നിങ്ങളുടെ തലയിലെ രോമവും എല്ലാം എണ്ണപ്പെട്ടിരിക്കുന്നു. [31]ആകയാൽ ഭയപ്പെടേണ്ടാ, മനുഷ്യരുടെ മുമ്പിൽ എന്നെ തള്ളിപ്പറയുന്നവനെയോ എന്റെ പിതാവിന്റെ മുൻപിൽ ഞാനും തള്ളിപ്പറയും."**

തങ്ങളെ ഉപദ്രവിക്കുന്നവരെ ഭയപ്പെടേണ്ടാ എന്നു യേശു പറയുവാനു

ള്ള കാരണങ്ങൾ നിരത്തി അവൻ അവരെ ആശ്വസിപ്പിക്കുകയാണ്. ആ ഖണ്ഡികയിൽ തന്നെ "ഭയപ്പെടേണ്ടാ" എന്ന കൽപന മൂന്നു പ്രാവശ്യം പറഞ്ഞിരിക്കുന്നു (10:26, 28, 31).

**വാക്യങ്ങൾ 26, 27.** ഉപദ്രവിക്കപ്പെടുമ്പാൾ, **ഭയപ്പെടേണ്ടാ** എന്ന് യേശു പറയുവാനുള്ള കാരണം അതിനപ്പുറം ലഭിക്കുവാനുള്ള ചില നന്മകൾ നിമിത്തമാണ് (പ്രവൃ. 8:1–4; ഫിലി. 1:12–14, 19, 20). അവർക്ക് ചെയ്യുവാൻ ഒരു പ്രവൃത്തി കൊടുത്തിരുന്നു: രാജ്യത്തിന്റെ സന്ദേശം അറിയിക്കുക. ഉപദ്രവങ്ങൾ എന്തെല്ലാം സഹിക്കേണ്ടി വന്നാലും, അവർ ഏറ്റെടുത്ത ജോലി പൂർത്തിയാക്കണമായിരുന്നു. അത് മുൻപ് **മൂടിവെച്ചത്** അല്ലെങ്കിൽ **മറെച്ചുവെച്ചതും** ഇപ്പോൾ **വെളിപ്പെടുത്തിയതു**മാണ് (മർക്കൊ. 4:22; ലൂക്കൊ. 8:17; 12:2, 3).

യേശു അവരെ രഹസ്യമായി പഠിപ്പിച്ചത് അവർ ഉടനെ പരസ്യമായി പഠിപ്പിക്കേണ്ടതായിരുന്നു: **"ഞാൻ ഇരുട്ടത്തു നിങ്ങളോട് പറയുന്നത് വെളിച്ചത്ത് പറവിൻ; ചെവിയിൽ പറഞ്ഞു കേൾക്കുന്നതു പുരമുകളിൽ ഘോഷിപ്പിൻ."** യേശുവിന്റെ ഉയർപ്പിനും ആരോഹണത്തിനും ശേഷം, ശിഷ്യന്മാരിലേക്ക് പരിശുദ്ധാത്മാവിനെ അയച്ച് അവൻ പഠിപ്പിച്ചതെല്ലാം അവരെ ഓർമ്മപ്പെടുത്തുകയും, സകല സത്യത്തിലും അവരെ വഴി നടത്തുകയും ചെയ്യും (യോഹ. 14:26; 16:13, 14; പ്രവൃ. 2:1–4). ആ സമയത്ത് അവർ പരസ്യമായി യേശു "കർത്താവും ക്രിസ്തുവുമായിത്തീർന്നു" എന്ന് പ്രഖ്യാപിക്കും (പ്രവൃ. 2:36).

"പുരമുകളിൽ ഘോഷിക്കുമെന്നത്" ആലങ്കാരികമായി "പരസ്യമായി പറയുന്നതാണ്." അക്കാലത്ത് എല്ലാവരും അറിയത്തക്കവണ്ണം ഒരു കാര്യം പറയുവാനുണ്ടെങ്കിൽ, ഒന്നുകിൽ കുന്നിൻമുകളിൽ കയറിനിന്നോ അല്ലെങ്കിൽ പുരയുടെ മേൽക്കൂരയിൽ കയറിയോ ഉച്ചത്തിൽ വിളിച്ചു പറയും. മതപരമായ ഒഴിവു ദിവസങ്ങൾ ആരംഭിക്കുന്നത് ആട്ടുകൊറ്റന്റെ കൊമ്പുകൊണ്ടുള്ള കാഹളം പുരയുടെ മുകളിൽ കയറി ഊതി അറിയിക്കുകയാണ് പതിവ് എന്ന് താൽമൂദ് പറയുന്നു.[4]

**വാക്യം 28.** യേശുവിന്റെ ശിഷ്യന്മാരെ അവരുടെ ശത്രുക്കൾക്ക് ഉപദ്രവിക്കുവാൻ കഴിയുന്നതിനു പരിമിതിയുണ്ടായിരുന്നതു കൊണ്ട് അവർ **ഭയപ്പെടേ**ണ്ട ആവശ്യമില്ല എന്നാണ് അവൻ പറഞ്ഞത്. അവർക്ക് **ദേഹത്തെ കൊല്ലുവാൻ** കഴിയുമായിരുന്നു, പക്ഷെ **ദേഹിയെ നശിപ്പിക്കുവാൻ** അവർക്ക് കഴിയുമായിരുന്നില്ല. "ദേഹി" എന്നതിന്റെ ഗ്രീക്ക് വാക്ക് (*സൂക്കേ*) അതിനു സമാനമായ എബ്രായ വാക്കാണ് (*നെഫേഷ്*), അതിനു വിവിധ രീതിയിലുള്ള അർത്ഥങ്ങളാണുള്ളത്, ഉദാഹരണമായി, ജീവശ്വാസം, ജീവിത തത്വം, ഭൗമിക ജീവിതം, മനുഷ്യരുടെ ആന്തരിക ജീവൻ (ആഗ്രഹങ്ങളും വികാരങ്ങളും അടക്കം), വ്യക്തി, ആത്മാവ് (ഭൗതിക ജീവിതാതീതമായ).[5] ഈ സന്ദർഭത്തിൽ അവസാനത്തെ അർത്ഥമായിരിക്കും കൂടുതൽ യോജിക്കുന്നത്. ദേഹത്തെ കൊല്ലുവാൻ കഴിയും, എന്നാൽ ആത്മാവ് പിന്നെയും ജീവിക്കും (11:29; 16:26; മർക്കൊ. 8:36, 37; ലൂക്കൊ. 12:20; എബ്രാ. 6:19; 1 പത്രൊ. 1:9, 22; 2:11; 4:19; യാക്കൊ. 1:21; 5:20). വിശ്വസ്തരായ ക്രിസ്തുവിന്റെ അനുയായികൾക്ക് ശാരീരിക നഷ്ടം വേദനയുണ്ടാക്കുമെങ്കിലും, "നിത്യ ശിക്ഷാവിധിയോ" അല്ലെങ്കിൽ "രണ്ടാം മരണമോ" അവർക്ക് അഭിമുഖീകരിക്കേണ്ടി വരികയില്ല (25:46; വെളി. 20:14). അവരുടെ അദൃശ്യവും അമർത്യവുമായ ആ ഭാഗത്തെ നശിപ്പിക്കുവാൻ അവരുടെ ശത്രുക്കൾക്ക് കഴിയുകയില്ല.

മനുഷ്യരെ ഭയപ്പെടുന്നതിനേക്കാൾ, **ദേഹത്തെയും ദേഹിയേയും നരകത്തിൽ നശിപ്പിക്കുവാൻ കഴിയുന്നവനെ തന്നെ ഭയപ്പെടുവിൻ** എന്നാണ് യേശു അവരോട് പറഞ്ഞത്. ഇവിടെ നമുക്ക് രണ്ടുതരം "ഭയത്തിന്റെ" അന്തരം കാണാം: മനുഷ്യരെ ഭയക്കുന്ന സ്വാർത്ഥ ഭയം, എന്നാൽ ദൈവഭയമോ മൊത്തത്തിൽ നല്ലതാണ്.[6] ദൈവത്തെ നാം ഭയപ്പെടേണം കാരണം "നമ്മെ രക്ഷിപ്പാനും നശിപ്പിക്കുവാനും ദൈവത്തിനു കഴിയും" (യാക്കൊ. 4:12).

"നശിപ്പിക്കുക" എന്നതിനുള്ള ഗ്രീക്ക് വാക്ക് (*അപോലുമി*) ഉന്മൂല നാശമല്ല അർത്ഥമാക്കുന്നത്. നരകത്തിലേക്ക് തള്ളിക്കളയുമ്പോഴാണ് ദേഹത്തിനും ദേഹിക്കും നാശം സംഭവിക്കുന്നത് ("നരകം" എന്നതിന് 5:22 ന്റെ പരാമർശം നോക്കുക).

**വാക്യങ്ങൾ 29–31.** തനിക്കുള്ളവരെ **പിതാവായ** ദൈവം നിരീക്ഷിച്ചു സംരക്ഷിക്കുമെന്നുള്ളതിനാൽ യേശുവിന്റെ ശിഷ്യന്മാർക്ക് ഭയപ്പെടേണ്ട ആവശ്യമില്ല. **കുരികിലിനു** വളരെ വിലക്കുറവാണുള്ളത്. ഒന്നാം നൂറ്റാണ്ടിൽ ചിലപ്പോൾ അവയെ ഭക്ഷിച്ചിരുന്നു, അതിനു വില കുറവായിരുന്നതിനാൽ, സാധുക്കളായിരുന്നു അവയെ ഭക്ഷിച്ചിരുന്നത്. ഒരു **കാശിന്നു രണ്ടു** കുരികിൽ ലഭിക്കുമായിരുന്നു. ലൂക്കൊ. 12:6–ൽ, രണ്ടു കാശിന്നു അഞ്ചു കുരികിൽ വിൽക്കുന്നതായി പറഞ്ഞിരിക്കുന്നു, അഞ്ചാമത്തേത് വില പേശി വാങ്ങുന്നതായിരിക്കാം.[7] "കാശ്" എന്നതിന്റെ ഗ്രീക്ക് വാക്ക് (*അസാരിയോൺ*) യേശുവിന്റെ കാലത്തു നിലനിന്ന ചെറിയ ചെമ്പു നാണയത്തെയാണ് അർത്ഥമാക്കുന്നത്. ഒരു ദിനാറിന്റെ പതിനാറിൽ – ഒന്നാണ് അതിന്റെ വില.[8] നിസാരമെന്ന് തോന്നുന്ന പക്ഷികളിൽ ഒന്നു പോലും, ദൈവത്തിന്റെ അറിവു കൂടാതെ നിലത്തു വീഴുന്നില്ല.

ആ സമയത്ത് യേശു പറഞ്ഞു, "**നിന്റെ തലയിലെ മുടി പോലും എണ്ണപ്പെട്ടിരിക്കുന്നു**." ഡേവിഡ് മെന്റൺ പറഞ്ഞതനുസരിച്ച്, ഒരാളുടെ തലയിൽ, ശരാശരി 100,000 മുടിയാണുള്ളത് എന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.[9] ദൈവം നിസാരവും അപ്രധാനവുമായ കാര്യങ്ങളെ അറിയുന്നു എന്നു പറയുമ്പോൾ, ഇങ്ങനെയുള്ള വിലയിരുത്തലുകൾ എങ്ങനെ അറിയപ്പെടും എന്നു നാം അതിശയിക്കും! മറ്റൊരു സന്ദർഭത്തിൽ ദൈവത്തിന്റെ സുരക്ഷിതത്വത്തെ കുറിച്ച് "നിങ്ങളുടെ തലയിലെ ഒരു രോമം പോലും നശിച്ചു പോകയില്ല താനും" എന്നു വാഗ്ദാനം ചെയ്തിരിക്കുന്നു (ലൂക്കൊ. 21:18; പ്രവൃ. 27:34 നോക്കുക).

ചെറിയ – വസ്തു മുതൽ – വലിയ – വസ്തു വരെയുള്ള പ്രാധാന്യ വാദമെടുത്ത് യേശു മനുഷ്യരെ, പ്രത്യേകിച്ച്, അവന്റെ ശിഷ്യന്മാരെ എത്ര അധികം കരുതുന്നു എന്നതിനു ഊന്നൽ കൊടുക്കുകയാണ് (6:26 ന്റെ പരാമർശം നോക്കുക). അവൻ ഇങ്ങനെ പറഞ്ഞ് ആ വാദം അവസാനിപ്പിച്ചു, "**നിങ്ങൾ കുരികിലിനേക്കാൾ വിലയുള്ളവരാകയാൽ; ഭയപ്പെടേണ്ടാ**."തന്റെ ജനം കഷ്ടപ്പെടുമ്പോൾ, ദൈവം അറിയുന്നു (മരിക്കുമ്പോഴും), അവൻ അവരെ കുറിച്ചു കരുതുകയും ചെയ്യും. ഇതുപോലെയുള്ള പ്രസ്താവന യെരുശലേം താൽമൂദിലും കാണാം: "സ്വർഗത്തെ [ദൈവം] കുടാതെ, ഒരു പക്ഷി പോലും നശിച്ചു പോകയില്ല; അവയേക്കാൾ വലിയതാണ് മനുഷ്യൻ!"[10]

## "എന്നെ ഏറ്റു പറയുന്ന ഏവനേയും" (10:32, 33)

**32"മനുഷ്യരുടെ മുമ്പിൽ എന്നെ ഏറ്റു പറയുന്ന ഏവനേയും സ്വർഗ**

**സ്ഥനായ എന്റെ പിതാവിൻ മുമ്പിൽ ഞാനും ഏറ്റു പറയും. [33]മനുഷ്യരുടെ മുമ്പിൽ എന്നെ തള്ളിപ്പറയുന്നവനേയോ എന്റെ പിതാവിന്റെ മുമ്പിൽ ഞാനും തള്ളിപ്പറയും."**

**വാക്യം 32. മനുഷ്യരുടെ മുമ്പിൽ** [തന്നെ] **ഏറ്റു പറയുന്ന ഏവനേയും** കാത്തിരിക്കുന്നതു വലിയ അനുഗ്രഹമാകയാൽ, ഭയപ്പെടേണ്ട ആവശ്യമില്ല എന്നു യേശു തന്റെ ശിഷ്യന്മാരെ പ്രചോദിപ്പിക്കുകയാണ്. "ഏറ്റു പറയുക" എന്നതിന്റെ ഗ്രീക്ക് വാക്ക് (*ഹോമോലോജിയോ*) അർത്ഥം സമ്മതിക്കുക അല്ലെങ്കിൽ പ്രഖ്യാപിക്കുക എന്നാണ്. യേശുവിനെ കുറിച്ചുള്ള യഥാർത്ഥ ഏറ്റുപറച്ചിൽ ഇവിടെ പറയുന്നില്ല. മലമ്പ്രസംഗത്തിൽ, ചിലർ തന്നെ "കർത്താവ്" എന്നു ഏറ്റു പറയുന്നതായി സൂചിപ്പിച്ചിട്ടുണ്ട്. എങ്ങനെയായാലും, വിശ്വാസത്തിനനുസരിച്ച പ്രവൃത്തി അവരിൽ കാണാതിരുന്നതിനാൽ, അവർ തള്ളപ്പെടും എന്നു പറഞ്ഞിരിക്കുന്നു (7:21–23). പിന്നീട്, പത്രൊസ്, നല്ല സ്വീകാരം എന്ന ഏറ്റു പറച്ചിൽ നടത്തുന്നു, "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു" (16:16).

ശിഷ്യന്മാരെ യെഹൂദന്മാരുടെ ന്യായാധിപസഭകളിലേക്കും, ജാതികളായ നാടുവാഴികളുടെ അടുത്തേക്കും, രാജാക്കന്മാരുടെ അടുക്കലേക്കും കൊണ്ടു പോകും (10:17, 18). അത്തരം സാഹചര്യങ്ങൾ അവർക്ക് ക്രിസ്തുവിനെ പ്രഖ്യാപിക്കുവാനുള്ളതാണ്. അവരുടെ ഏറ്റുപറച്ചൽ നടത്തുന്നതിന് ഭയം അവർ തരണം ചെയ്യേണ്ടതായിരുന്നു. "പൊന്തിയോസ് പിലാത്തൊസിന്റെ മുമ്പാകെ നല്ല സ്വീകാരം കഴിച്ചവനായിരുന്നു" ക്രിസ്തു (1 തിമൊ. 6:16; 27:11 നോക്കുക) – അത് അവനെ ക്രൂശിലേക്ക് എത്തിച്ചു.

"ക്രിസ്തുവിലുള്ള വിശ്വാസം ഏറ്റു പറയുന്ന യെഹൂദന്മാരെ പള്ളിഭ്രഷ്ടരാക്കേണം" എന്നു പ്രമാണിമാർ ആജ്ഞ പുറപ്പെടുവിച്ചതിനാൽ, പലരും ക്രിസ്തുവിനെ ഏറ്റു പറയുവാൻ തയ്യാറായില്ല (യോഹ. 9:22). ചില യെഹൂദന്മാർ യേശുവിൽ വിശ്വസിച്ചിരുന്നുവെങ്കിലും "പള്ളിഭ്രഷ്ടരാകുമോ എന്ന ഭയത്താൽ" ഏറ്റു പറഞ്ഞില്ല താനും (യോഹ. 12:42).

ഒരാൾ ക്രിസ്ത്യാനിയാകുന്നതിനു മുൻപ് അയാൾ ക്രിസ്തുവിലുള്ള വിശ്വാസം ഏറ്റു പറയേണ്ടത് ആവശ്യമാണ് (റോമർ. 10:9, 10; 1 തിമൊ. 6:12). "യേശു ജീവനുള്ള ദൈവത്തിന്റെ പുത്രൻ" എന്നതാണ് ഏറ്റുപറച്ചിൽ (16:16; പ്രവൃ. 8:37). അതിൽ ഒരാൾ അവനെ "കർത്താവും യജമാനനും" ആയി അംഗീകരിക്കുന്നതാണ്. ക്രിസ്ത്യാനി ഉപദ്രവിക്കപ്പെട്ടേക്കാം, തന്റെ വിശ്വാസം ഏറ്റുപറയുവാനായി അയാളുടെ ജീവൻ പോലും ഉപേക്ഷിക്കേണ്ടതായി വന്നേക്കാം. എന്നിരുന്നാലും, ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേയുള്ള – ഏകമദ്ധ്യസ്ഥനായ യേശു (1 തിമൊ. 2:5; എൻഐവി) – **തീർച്ചയായും** ... **അവനെ** [അവന്റെ] **സ്വർഗസ്ഥനായ എന്റെ പിതാവിന്റെ മുമ്പിൽ** എന്നതിനു പകരം "സ്വർഗസ്ഥനായ പിതാവിന്റെ മുൻപിൽ ഏറ്റു പറയും," ലൂക്കൊസ് പറയുന്നത്, "ദൈവ ദൂതന്മാരുടെ മദ്ധ്യേ" എന്നാണ് (ലൂക്കൊ. 12:8, 9).

**വാക്യം 33.** അതിനെതിരായി, തന്നിൽനിന്നു ഒരാൾ പിന്തിരിഞ്ഞു പോകുന്നതിനെ കുറിച്ച് യേശു പറഞ്ഞു: **"മനുഷ്യരുടെ മുൻപിൽ എന്നെ തള്ളിക്കളയുന്നവനെ, സ്വർഗസ്ഥനായ പിതാവിന്റെ മുൻപിൽ ഞാൻ അവനെയും തള്ളി പറയും."** "തള്ളിക്കളയുക" എന്ന ക്രിയയുടെ (*ആർനെയോമായി*) അർത്ഥം "നിഷേധിക്കൽ," അഥവാ "നിരാകരിക്കൽ" എന്നാണ്. ആദ്യത്തെ സംഭവത്തിൽ,

യേശു കർത്താവാണെന്നത് നിഷേധിക്കുകയാണ്. ആ വിധത്തിലുള്ള തള്ളി പ്പറയലായിരുന്നു പത്രോസിന്റേത് (26:70, 72, 74). രണ്ടാമത്തെ സംഭവത്തിൽ, ഒരാൾ, ക്രിസ്തുവിന്റെ ശിഷ്യനാണെന്ന കാര്യം നിഷേധിക്കുന്നതാണ് (7:23; 2 തിമൊ. 2:12).

ക്രിസ്തുവിനെ നിഷേധിക്കുവാൻ ഏറ്റവും അധികം സമ്മർദ്ദം നേരിട്ടവ രായിരുന്നു ഒന്നാം നൂറ്റാണ്ടിലെ പ്രാരംഭ ക്രിസ്ത്യാനികൾ. ഉദാഹരണമായി, ഏ. ഡി., രണ്ടാം നൂറ്റാണ്ടിൽ, തന്നെ നിഷേധിച്ച ക്രിസ്ത്യാനികളോട് താൻ എങ്ങനെ പെരുമാറി എന്ന് പൊന്തൊസ്/ബിഥുന്യയിലെ നാടുവാഴിയായിരുന്ന പ്രീനി റോമൻ ചക്രവർത്തിക്കു എഴുതിയിരുന്നു. ക്രിസ്തുവിനെ നിഷേധിക്കു വാൻ രണ്ടു മൂന്ന് അവസരങ്ങൾ അവൻ ക്രിസ്ത്യാനികൾക്ക് കൊടുത്തിരു ന്നതായി പറയുന്നു. വാക്ക് മാറ്റി പറയുവാൻ തയ്യാറാകാതിരുന്നവരെ അവൻ മരണശിക്ഷക്കു വിധിച്ചിരുന്നു. എങ്ങനെയായാലും, അവർ റോമാ പൗരന്മാരാ ണെങ്കിൽ, അവൻ അവരെ റോമിലേക്ക് മടക്കി അയച്ചിരുന്നു. ക്രിസ്ത്യാനിക ളാണെന്നത് നിഷേധിച്ച് ക്രിസ്തുവിനെ ശപിച്ചാൽ, ദേവന്മാരെ പ്രസാദിപ്പിക്ക യും, രാജാവുണ്ടാക്കിയ ബിംബത്തെ നമസ്ക്കരിപ്പിക്കയും ചെയ്തിരുന്നു.[11]

## "സമാധാനം വരുത്തുവാനല്ല ഞാൻ വന്നത്" (10:34-36)

**34"ഞാൻ ഭൂമിയിൽ സമാധാനം വരുത്തുവാൻ വന്നു എന്നു നിരൂപി ക്കരുത്; സമാധാനം അല്ല, വാൾ അത്രേ വരുത്തുവാൻ ഞാൻ വന്നത്. 35മ നുഷ്യനെ തന്റെ അപ്പനോടും മകളെ അമ്മയോടും, മരുമകളെ അമ്മാവിയ മ്മയോടും ഭേദിപ്പിപ്പാനത്രേ ഞാൻ വന്നത്. 36മനുഷ്യന്റെ വീട്ടുകാർ തന്നെ അവന്റെ ശത്രുക്കൾ ആകും."**

**വാക്യം 34.** ലോകത്തിലേക്കുള്ള കർത്താവിന്റെ വരവിന്റെ ഉദ്ദേശത്തിനെ തിരാണെന്നു തോന്നുന്നതാണ് യേശുവിന്റെ ഈ പ്രസ്താവന. യെശയ്യാവ് അവനെ വിളിച്ചത്, "സമാധാന പ്രഭു" എന്നാണ്, അവന്റെ വാഴ്ച്ചയെ, സമാധാ നത്തിന്റേയും നീതിയുടേയും വാഴ്ച്ച എന്നാണ് അരുളിച്ചെയ്തത് (യെശ. 9:6, 7). അവന്റെ ഈ പ്രസ്താവന നാം എങ്ങനെ വ്യാഖ്യാനിക്കും? ഹൃദയ കാഠി ന്യമാണ് **സമാധാനം** നഷ്ടമാകുവാനുള്ള കാരണം എന്നു നാം മനസിലാക്ക ണം. യേശു പറഞ്ഞതും ചെയ്തതും ആളുകൾക്കുള്ളിൽ ഭിന്നതയുണ്ടാക്കും; അവനോടുള്ള ആളുകളുടെ പ്രതികരണം അനുസരിച്ചാണ് ആ ഭിന്നത വള രുന്നത്. അവനെ സ്വീകരിക്കാത്തവർക്ക് സ്വീകരിച്ചവരോട് സമാധാനം പു ലർത്തുവാൻ കഴിയുകയില്ല. ഇവിടെ പറഞ്ഞിരിക്കുന്ന **വാൾ**, "പോരോട്ടം," അല്ലെങ്കിൽ "ഭിന്നിപ്പ്" ആലങ്കാരികമായി പറഞ്ഞിരിക്കുന്നതാണ് (ലൂക്കൊ. 12:51). യേശു സമാധാന പ്രഭു ആണ് (ലൂക്കൊ. 2:14; എഫെ. 2:14–18), എന്നാൽ അവന്റെ സമാധാനം ലോകം തരുന്ന സമാധാനമല്ല (യോഹ. 14:27; ഗലാ. 5:22).

**വാക്യങ്ങൾ 35, 36.** ഈ വാക്യങ്ങളിൽ യേശു മീഖാ 7:6 ഉദ്ധരിച്ചിരിക്ക യാണ്. അവന്റെ ഉദ്ദേശം ആളുകളെ യോജിപ്പിക്കുകയാണെങ്കിലും, സുവി ശേഷ ഘോഷണത്തിന്റെ ഫലം പലപ്പോഴും ഭിന്നതയാണ്. കുടുംബത്തിലെ ചില അംഗങ്ങൾ കർത്താവിന്റെ സന്ദേശം സ്വീകരിക്കുകയും മറ്റുള്ളവർ സ്വീകരിക്കാതിരിക്കയും ചെയ്യുമ്പോൾ, കുടുംബത്തിലെ അംഗങ്ങൾക്കിട യിൽ അകൽച്ചയുണ്ടാകും. യേശുവിന്റെ സ്വന്ത കുടുംബത്തിൽ പോലും

അങ്ങനെ സംഭവിച്ചിരുന്നു (മർക്കൊ. 3:20, 21, 31–35; യോഹ. 7:1–9). ഒരാൾ തന്റെ ഉപദേശത്തോട് വിശ്വസ്തത പാലിക്കുമ്പോൾ, ഏറ്റവും അടുത്ത ബന്ധം പുലർത്തുന്നവർ പോലും അകന്നു പോകും. **അപ്പനും അമ്മയും** മക്കൾക്കെതിരായി തീർന്നേക്കാം. അല്ലെങ്കിൽ മക്കൾ വിശ്വാസം നിമിത്തം അപ്പനെയും അമ്മയെയും നിഷേധിച്ചേക്കാം. ഈ ആത്മിയ പോരാട്ടത്തിൽ ഭർത്താക്കന്മാരും ഭാര്യമാരും എതിർ ചേരിയിലായേക്കാം. അത്തരം വ്യത്യാസങ്ങൾ ഉയരുമ്പോൾ, സ്വന്തം **വീട്ടിലുള്ളവർ** തന്നെ പലപ്പോഴും **ശത്രുക്കൾ** ആകും (10:21 ന്റെ പരാമർശം നോക്കുക).

## "മറ്റെല്ലാവരേക്കാളും അധികം എന്നെ സ്നേഹിക്കുക" (10:37-39)

**37"എന്നേക്കാൾ അധികം അപ്പനേയോ അമ്മയേയോ പ്രിയപ്പെടുന്നവൻ എനിക്കു യോഗ്യനല്ല. എന്നേക്കാൾ അധികം മകനേയോ മകളേയോ പ്രിയപ്പെടുന്നവൻ എനിക്കു യോഗ്യൻ അല്ല. 38തന്റെ ക്രൂശെടുത്ത് എന്നെ അനുഗമിക്കാത്തവനും എനിക്ക് യോഗ്യനല്ല. 39തന്റെ ജീവനെ കണ്ടെത്തിയവൻ അതിനെ കളയും; എന്റെ നിമിത്തം തന്റെ ജീവനെ കളഞ്ഞവൻ അതിനെ കണ്ടെത്തും."**

**വാക്യം 37.** തങ്ങളുടെ സ്വന്ത കുടുംബാംഗങ്ങളേക്കാളുപരി അവനെ സ്നേഹിക്കുവാനുള്ള വെല്ലുവിളിയാണ് യേശു തന്റെ അനുയായികൾക്ക് നൽകിയത്. അവന്റെ ശിഷ്യനാകുവാൻ, "ഒരാൾ തന്റെ അപ്പനേയും അമ്മയേയും, ഭാര്യയേയും മക്കളേയും, സഹോദരന്മാരെയും സഹോദരിമാരേയും പകെക്കേണ്ടി വരുമെന്നാണ്" ലൂക്കൊസ് 14:26–ൽ പറഞ്ഞിരിക്കുന്നത്. ഒരാൾ ശിഷ്യനായി തീരുക എന്നു പറഞ്ഞാൽ, മാനുഷികമായി ഒരാൾ ഏറ്റവും അധികം സ്നേഹിക്കുന്നതും, കുടുംബമായാലും കർത്താവിനും അവനും മദ്ധ്യേ വരും. ലൂക്കൊസ് 14:26 ന്റെ അർത്ഥമാണ് മത്തായി 10:37 വിവരിക്കുന്നത്. യേശു കൽപിച്ചിരിക്കുന്ന "പകെക്കുക" എന്നതിനർത്ഥം "കുറച്ചു സ്നേഹിക്കുക" എന്നാണ് (ഉല്. 29:31 നോക്കുക; കെജെവി). തന്റെ ശിഷ്യന്മാർ ആരെയും പകെക്കുവാൻ അവൻ ആഗ്രഹിക്കുന്നില്ല, പക്ഷെ മറ്റുള്ളവരോടുള്ള അവരുടെ ബന്ധം യേശുവിനോടുള്ള സമർപ്പണത്തേക്കാളധികമാകുവാൻ പാടില്ല. അല്ലെങ്കിൽ അവർക്ക് യേശുവിന്റെ ശിഷ്യന്മാരാകുവാനുള്ള യോഗ്യതയില്ല.

**വാക്യം 38.** യേശു പിന്നെയും അപ്പൊസ്തലന്മാർക്ക് വെല്ലുവിളി നൽകി പറഞ്ഞു, **"തന്റെ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കാത്തവനും എനിക്ക് യോഗ്യനല്ല."** സുവിശേഷ വിവരണങ്ങളിൽ ആദ്യമായാണ് ക്രൂശ് എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത് (16:24; മർക്കൊ. 8:34; ലൂക്കൊ. 9:23). ഒരു ക്രൂര കുറ്റവാളിയെ മരണ ശിക്ഷക്കു വിധിച്ചാൽ, അവനെക്കൊണ്ട് തന്നെ ക്രൂശിൽ തറെക്കുവാൻ കൊണ്ടുപോകുന്ന മര – ക്കുരിശ് ചുമപ്പിക്കുക എന്നത് ഒരു റോമൻ പരിശീലനമായിരുന്നു.[12] കഷ്ടതയുടേയും, ലജ്ജയുടേയും, മരണത്തിന്റേയും ചിഹ്നമായിരുന്നു ക്രൂശ്. ഇവിടെ അത്, യേശുവിന്റെ ശിഷ്യന്മാർ വഹിക്കേണ്ട ഭാരത്തെയാണ് സൂചിപ്പിക്കുന്നത്, കർത്താവിനോടുള്ള വിശ്വസ്തതക്കായി അനുഷ്ഠിക്കേണ്ട ത്യാഗത്തെയാണ് വ്യക്തമാക്കുന്നത്. ക്രൂശ് വഹിക്കുക എന്നതിൽ ഒരാളുടെ ജീവൻ ത്യജിക്കുന്നത് പോലും ഉൾപ്പെടുന്നു. ഒരാൾ

ക്രൂശ് വഹിക്കുക എന്ന ചിന്തയോട് ലൂക്കൊസ് "ദിവസേന" എന്ന വാക്കും ചേർത്തിരിക്കുന്നു, അത് തുടർപ്രവർത്തിയെയാണ് കാണിക്കുന്നത് (ലൂക്കൊ. 9:23). ഒരാൾ തന്റെ ക്രൂശ് എടുക്കുന്നതിൽ പരാജയപ്പെട്ടാൽ, ഗൊൽഗോഥയിലേക്ക് ക്രൂശ് ചുമന്നവന്റെ ശിഷ്യനാകുവാൻ യോഗ്യതയില്ല (യോഹ. 19:17).

**വാക്യം 39.** യേശു പിന്നെയും പറഞ്ഞു, **"തന്റെ ജീവനെ കണ്ടെത്തിയവൻ അതിനെ കളയും; എന്റെ നിമിത്തം തന്റെ ജീവനെ കളഞ്ഞവൻ അതിനെ കണ്ടെത്തും"** (16:25; മർക്കൊ. 8:35; ലൂക്കൊ. 9:24; 17:33; യോഹ. 12:25). ജീവനെ കണ്ടെത്തുക എന്നതിൽ സ്വയ - പരിരക്ഷണവും, സ്വയ - തൃപ്തിയും ഉൾപ്പെട്ടിരിക്കുന്നു. ഒരാൾ തനിക്കു വേണ്ടി മാത്രം ജീവിക്കുകയാണെങ്കിൽ, അയാൾ ദൈവത്തിൽനിന്ന് എന്നേക്കുമായി വേർപെട്ടുപോകുകയും, അയാളുടെ ജീവൻ നഷ്ടമാകുകയും ചെയ്യും. അതിനു വിപരീതമായി, ഒരാൾ തന്റെ ഇഛകളെ മരിപ്പിച്ചാൽ - തന്റെ ജീവൻ രക്തസാക്ഷിത്വത്തിനു ഏൽപിച്ചുകൊടുത്താൽ പോലും - അയാൾ എന്നേക്കും ദൈവവുമൊത്ത് ജീവിക്കും. സ്വർഗത്തിൽ പ്രവേശിക്കുവാൻ ഏതു രീതിയിലുള്ള ത്യാഗം സ്വീകരിച്ചാലും അത് വൃഥാവായി പോകയില്ല. യേശുവിനോടുള്ള വിശ്വസ്ത ജീവിതം നയിക്കുന്നതിന്, എന്തു വിലകൊടുത്തും അവസാനത്തോളം സഹിച്ചു നിൽക്കുന്നവനു മഹത്വകരമായ നിത്യജീവൻ ലഭിക്കും.[13] ജെയിംസ് ബർട്ടൻ കോഫ്മാൻ ആ ആശയം ഇങ്ങനെ ചുരുക്കി പറഞ്ഞിരിക്കുന്നു,

> ഒരു വിട്ടുവീഴ്ച്ചയുമില്ലാതെ, തന്റെ ജീവൻ ദൈവത്തിനായി ഉഴിഞ്ഞു വെച്ച് അവനെ പിൻപറ്റുന്നവൻ ... ഈ വാക്യത്തിൽ പറഞ്ഞതുപോലെ ജീവനെ കളയുന്നവനായിരിക്കും. ക്രിസ്തുവിന്റെ ഇഷ്ടത്തിനായി തന്റെ ജീവിതം അവന്നു കീഴ്പ്പെടുത്തുന്നവൻ പൗലൊസിനെ പോലെ പറയും, "ഇനി ജീവിക്കുന്നത് ഞാനല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു" (ഗലാ. 2:20), ജീവനെ കളഞ്ഞവൻ അതിനെ കണ്ടെത്തും.[14]

## "നിങ്ങളെ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു (10:40-42)

**[40]"നിങ്ങളെ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു, എന്നെ കൈക്കൊള്ളുന്നവൻ എന്നെ അയച്ചവനെ കൈക്കൊള്ളുന്നു. [41]പ്രവാചകൻ എന്നുവെച്ച് പ്രവാചകനെ കൈക്കൊള്ളുന്നവന്ന് പ്രവാചകന്റെ പ്രതിഫലം ലഭിക്കും; നീതിമാൻ എന്നു വെച്ചു നീതിമാനെ കൈക്കൊള്ളുന്നവന്നു നീതിമാന്റെ പ്രതിഫലം ലഭിക്കും; [42]ശിഷ്യൻ എന്നുവെച്ച് ഈ ചെറിയവരിൽ ഒരുത്തന്നു ഒരു പാനപാത്രം തണ്ണീർ കുടിപ്പാൻ കൊടുക്കുന്നവന്നു പ്രതിഫലം കിട്ടാതെ പോകയില്ല എന്നു ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു."**

**വാക്യം 40.** യേശു അപ്പൊസ്തലന്മാരോട് പറഞ്ഞു, **"നിങ്ങളെ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു."** "കൈക്കൊള്ളുക" എന്നതിന്റെ അർത്ഥം 10:9-15-ൽ വ്യക്തമാക്കിയിരിക്കുന്നു. അപ്പൊസ്തലന്മാരെ "കൈക്കൊണ്ട്" അവർക്ക് ആഹാരവും പാർപ്പിടവും നൽകുന്നവർക്ക് ലഭിക്കുന്നതാണ് യേശു പറഞ്ഞതായ കാര്യങ്ങൾ. ഇന്നു ക്രിസ്ത്യാനികൾ അവന്റെ നാമം എടുത്ത് അപ്പൊസ്തലന്മാരെ പോലെ അവന്റെ അധികാരത്തിൽ ലോകത്തിലേക്ക്" പോകുന്നു (28:18-20). സുവിശേഷ സന്ദേശ വാഹകനെ

"കൈക്കൊള്ളുന്നവൻ, ഫലത്തിൽ, യേശുവിനെ തന്നെയാണ് സ്വീകരിക്കുന്നത്"(ഗലാ. 4:14). അതുപോലെ ക്രിസ്തുവിന്റെ ശിഷ്യന്മാരെ ഉപദ്രവിക്കുന്നവർ ക്രിസ്തുവിനെയാണ് ഉപദ്രവിക്കുന്നത് (പ്രവൃ. 9:1–4). റബ്ബിമാരുടെ ഒരു പാരമ്പര്യം പറയുന്നു, "ഒരു മനുഷ്യന്റെ പ്രതിനിധി, ആ മനുഷ്യൻ തന്നെയാണ്."[15]

യേശു അവരെ ഓർമ്മിപ്പിച്ചു, **"എന്നെ കൈക്കൊള്ളുന്നവൻ, എന്നെ അയച്ചവനെ കൈക്കൊള്ളുന്നു."** ക്രിസ്തുവിന്റെ നാമത്തെ പിന്താങ്ങുന്നയാൾ, അവനെ അയച്ച പിതാവിനെ ആദരിക്കുകയാണ് (മർക്കൊ. 9:37; ലൂക്കൊ. 9:48; യോഹ. 13:20).

**വാക്യം 41.** അവന്റെ പ്രഖ്യാപനത്തിൽ, യേശു പ്രവാചകന്മാരെയും ഉൾപ്പെടുത്തിയിരിക്കുന്നു, **"പ്രവാചകനെന്ന പേരിൽ പ്രവാചകനെ കൈക്കൊള്ളുന്നവന്നു പ്രവാചകന്റെ പ്രതിഫലം ലഭിക്കുന്നു."** "പ്രവാചകൻ എന്നു വെച്ച്" എന്ന പ്രയോഗം എബ്രായിസമാണ്, അർത്ഥം, "ഒരു പ്രവാചകൻ എന്ന പോലെ," എന്നാണ്.[16] വില്യം ഹെൻഡ്രിക്സൺ വാക്യം 41 നെ കുറിച്ച് ഇങ്ങനെ പറഞ്ഞു, "പ്രവാചകനെ ഒരാൾ പ്രവാചക*നായതുകൊണ്ട്* കൈക്കൊള്ളുന്നു."[17] ദൈവത്തിന്റെ സന്ദേശവാഹകനെ കൈക്കൊള്ളുന്നത് പ്രതിഫലം ഇഛിക്കുന്നതുകൊണ്ടല്ല, പിന്നെയോ അവൻ ആരാണെന്നതിനാലായതുകൊണ്ട്, പ്രവാചകനാണെങ്കിൽ കൈക്കൊള്ളുന്നവന് അവന്റെ പ്രതിഫലം ലഭിക്കും. പ്രാരംഭ സഭയിൽ പ്രവാചകന്മാരും പ്രവാചകിമാരും ഉണ്ടായിരുന്നു (പ്രവൃ. 11:27–30; 13:1; 21:9–11; 1 കൊ. 12:28; എഫെ. 2:20; 3:5). അത്ഭുതകരമായി പ്രവചിക്കൽ പ്രാരംഭസഭയിൽ അവസാനിച്ചിരുന്നു (1 കൊ. 13:8 നോക്കുക).

വാക്യം 41 സൂചിപ്പിക്കുന്നത് **നീതിമാനോട്** (*ഡികായിയോസ്*) അതേ രീതിയിൽ അതിഥിസൽക്കാരത്തോടെ പെരുമാറിയാൽ, അതേപോലെ അനുഗ്രഹിക്കപ്പെടും. *ഡിക്കായിയോസ്* സൂചിപ്പിക്കുന്നത് നീതിയും നന്മയുമുള്ള ദൈവപ്രമാണങ്ങൾ പ്രമാണിക്കുന്ന ഒരാളെയാണ്. "പ്രവാചകന്മാരെയും," "നീതിമാന്മാരെയും" മത്തായിയിൽ മറ്റൊരു ഭാഗത്തു ചേർത്തു പറയുന്നു (13:17; 23:29). ആ വാക്കുകൾ മാറി മാറി പര്യായ സമാനതകളായി ഉപയോഗിക്കാം. മറ്റൊരു സാധ്യത എന്തെന്നാൽ നീതിമാന്മാരെ പ്രവാചകന്മാരിൽനിന്നു തിരിച്ചറിയാം കാരണം നീതിമാന്മാർ ദൈവശ്വാസീയരല്ല. വേറൊരു സാധ്യത, ഇവിടെ "നീതിമാൻ" എന്നു പറഞ്ഞിരിക്കുന്നത് പ്രാരംഭ സഭയിലെ "ഉപദേഷ്ടാവിനെ" ആണ് (1 കൊരി 12:29; എഫെ. 4:11; യാക്കൊ. 3:1).

**വാക്യം 42. ഈ ചെറിയവരിൽ** എന്നു പറഞ്ഞിരിക്കുന്നത് അപ്പൊസ്തലന്മാരെ ഉദ്ദേശിച്ചാണ് (മർക്കൊ. 9:41), അല്ലെങ്കിൽ, പൊതുവിൽ യേശുവിനെ അനുഗമിക്കുന്നവരായിരിക്കാം (18:6, 10, 14; മർക്കൊ. 9:42; ലൂക്കൊ. 17:2). ആ വിവരണം സ്നേഹപ്രകടനമാകാം. താൻ ലേഖനം എഴുതിയ ക്രിസ്ത്യാനികളെ ഉദ്ദേശിച്ച് യോഹന്നാനും "എന്റെ കുഞ്ഞുങ്ങളേ" എന്ന പ്രയോഗം നടത്തുന്നു (1 യോഹ. 2:1, 28; 3:7, 18). നേരേ മറിച്ച്, ആ പ്രയോഗം ലോകപ്രകാരം ബലഹീനരേയും പ്രാധാന്യമില്ലാത്തവരേയും ഉദ്ദേശിച്ചുള്ളതായിരിക്കും – "എന്റെ സഹോദരന്മാരിൽ ഏറ്റവും ചെറിയവർ" (25:40; എൻഐവി).

ഒരു പാനപാത്രം **തണ്ണീർ കുടിപ്പാൻ കൊടുത്താലും** എന്ന ഏറ്റവും ചെറിയ സേവനം പോലും ശ്രദ്ധിക്കപ്പെടും (25:31–46). ഒരു സഹവിശ്വാസിക്ക് ആഹാരമോ പാർപ്പിടമോ നൽകുവാൻ കഴിഞ്ഞെന്നു വരികയില്ല; എന്നാൽ ഒരു ചെറിയ ദയ കാണിച്ചാൽ പോലും, അതിന് **പ്രതിഫലം കിട്ടാതിരിക്കയില്ല.**

അപ്പൊസ്തലന്മാർക്ക് യേശു പരിമിത ആജ്ഞ കൊടുത്തശേഷം, അവൻ

അവരോട് ചെയ്യുവാനാവശ്യപ്പെട്ടത് നിവർത്തിപ്പാനായി അവർ പോയി (മർക്കൊ. 6:12, 13; ലൂക്കൊ. 9:6). അവരുടെ ദൗത്യത്തിന്റെ വിജയം അവർ മടങ്ങി വന്ന് യേശുവിനോട് വിവരിച്ചു (മർക്കൊ. 6:30; ലൂക്കൊ. 9:10).

## പാഠങ്ങൾ

**അപ്പൊസ്തലന്മാരുടെ മരണം (10:28)**

"ദേഹിയെ കൊല്ലുവാൻ കഴിയാതെ ദേഹത്തെ കൊല്ലുവാൻ കഴിയുന്നവരെ ഭയപ്പെടേണ്ടാ" എന്നാണ് യേശു പറഞ്ഞത് (10:28). അവർ ആ വാക്ക് ഹൃദയത്തിലേറ്റി; പ്രായമായി മരിച്ച യോഹന്നാൻ ഒഴിച്ച്, മറ്റെല്ലാ അപ്പൊസ്തലന്മാരും രക്തസാക്ഷികളായെന്നാണ് പാരമ്പര്യ ഉറവിടങ്ങൾ അവകാശപ്പെടുന്നത്.[18] മരണരീതിയെ സംബന്ധിച്ചും സ്ഥലത്തെ സംബന്ധിച്ചും ആ ഉറവിടങ്ങൾ ചിലപ്പോൾ വിയോജിച്ചിട്ടുണ്ട്, എന്നാൽ അപ്പൊസ്തലന്മാരുടെ ധൈര്യത്തെയും സമർപ്പണത്തെയും അവർ മതിപ്പോടെയാണ് കണ്ടിട്ടുള്ളത്. ആ മനുഷ്യർ ക്രിസ്തുവിലുള്ള സാക്ഷ്യം നിമിത്തം, കല്ലെറിയപ്പെടുകയും, തല ഛേദിക്കപ്പെടുകയും, ക്രൂശിൽ തറെക്കപ്പെടുകയും ചെയ്തിരുന്നു. പുതിയനിയമത്തിൽ യാക്കൊബിനെ വാൾകൊണ്ട് കൊല്ലിച്ചതും, സ്തെഫാനോസിനെ കല്ലെറിഞ്ഞു കൊന്നതും രേഖപ്പെടുത്തിയിരിക്കുന്നു (പ്രവൃ. 7:58; 12:2).

ഡേവിഡ് സ്റ്റുവർട്ട്

**നല്ല സ്വീകാരം (10:32)**

ഒരാൾ ക്രിസ്ത്യാനിയാകുവാനായി സ്നാനം ഏൽക്കുമ്പോഴാണ് നല്ല ഏറ്റുപറച്ചൽ നടത്തുന്നത്. അത് അയാൾ തന്റെ ഓരോ ദിവസത്തെ ജീവിതത്താലും യേശുവിലുള്ള വിശ്വാസത്തെ മറ്റുള്ളവരുമായി പങ്കിടുകയും ചെയ്യുന്നതിലുടെ നിറവേറ്റുകയാണ്. പൗലൊസ് തിമൊഥെയൊസിനോട് അപേക്ഷിച്ചു, "വിശ്വാസത്തിന്റെ നല്ല പോർ പൊരുതുക, നിത്യജീവനെ പിടിച്ചുകൊൾക, അതിനായി നീ വിളിക്കപ്പെട്ടു അനേകം സാക്ഷികളുടെ മുമ്പാകെ നല്ല സ്വീകാരം കഴിച്ചുവല്ലൊ" (1 തിമൊ. 6; 12; എൻഐവി).

ഡേവിഡ് സ്റ്റുവർട്ട്

**നമ്മുടെ ജീവനെ കണ്ടെത്തൽ (10:39)**

ഒരു ചെറുപ്പക്കാരനെ നോക്കി നാം ചിലപ്പോൾ പറയും "അവൻ തന്നെ കണ്ടെത്തി." അനേകം ആളുകൾ കായികവിനോദത്തിലും, ഒഴിവുസമയ വിനോദത്തിലും, വിദ്യാഭ്യാസത്തിലും, ജോലിയിലുമാണ് തങ്ങളുടെ നിലനിൽപ് കണ്ടെത്തുന്നത്. മറ്റു ചിലർ നിയമരഹിതമായിട്ടാണ് തങ്ങളുടെ ലക്ഷ്യം കണ്ടെത്തുന്നത്, ഉദാഹരണമായി, മയക്കുമരുന്നു പരീക്ഷണവും ക്രമരഹിതമായ ലൈംഗികതയും. അവസാനം ഇവ ഒന്നും തൃപ്തിപ്പെടുത്തുകയുമില്ല. ശലോമോൻ ജീവിതം കണ്ടെത്തുവാൻ, ജോലിയും, സമ്പത്തും, സ്ത്രീകളും നോക്കി - അവസാനം ശൂന്യതയിൽ വന്നു നിന്നു. ദൈവവുമായുള്ള ബന്ധത്തിൽ മാത്രമെ ജീവിതത്തിനു അർത്ഥമുള്ളു എന്ന് അവൻ അവസാനം കണ്ടെത്തി (സഭാ. 12:13, 14). ക്രിസ്തുവിനെ അനുഗമിച്ച് ആളുകൾക്ക് ജീവൻ കണ്ടെത്തുവാൻ കഴിയും. ആ വഴി കണ്ടെത്തുവാൻ, സ്വയം - ത്യജിക്കലും ത്യാഗവും ആവശ്യമാണ്, അത് മാത്രമെ വാസ്തവത്തിൽ നമ്മെ

തൃപ്തിപ്പെടുത്തുകയുള്ളു.

ഡേവിഡ് സ്റ്റുവർട്ട്

---

കുറിപ്പുകൾ

[1]താൽമൂദ് *ബെരാക്കോത്ത്* 58 ബി. [2]ഡഗ്ലസ് ആർ. ഏ. ഹെയർ, *മാത്യു*, ഇൻർപ്രെട്ടേഷൻ (ലൂയിസ്വില്ലേ: ജോൺ നോക്സ് പ്രസ്, 1993), 115. [3]നോക്കുക ഡേവിഡ് ഈ. ഔൺ, "ബെയെൽസെബൂൽ," *ഇൻ ദ ഇന്റർനാഷ്ണൽ സ്റ്റാൻഡേർഡ് ബൈബിൾ എൻസൈക്ലോപീഡിയ,* റെവ. എഡി., എഡ്. ജെഫ്രറി ഡബ്ലിയു. ബ്രോമിലേ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1979), 1:447–48; ആന്റ് തിയോഡർ ജെ. ലേവിസ്, "ബെയെൽസെബൂൽ," ഇൻ *ദ ആങ്കർ ബൈബിൾ ഡിക്ഷ്ണറി*, എഡ്. ഡേവിഡ് നോവേൽ ഫ്രീഡ്മാൻ (ന്യുയോർക്ക്: ഡബിൾഡേ, 1992), 1:638–70. [4]താൽമൂദ് *ഷാബോത്ത്* 35 ബി. [5]വാൾട്ടർ ബാവെർ, *ഏ ഗ്രീക്ക് – ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യുടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്ത്യൻ ലിറ്ററേച്ചർ,* 3ഡ് എഡി., റെവ. ആന്റ് എഡ്. ഫ്രെഡറിക്ക് ഡബ്ലിയു ഡാങ്കർ (ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 2000), 1098–1100. [6]ആർ ടി. ഫ്രാൻസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു*, ദ ടിൻഡേൽ ന്യുടെസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1985), 186. [7]റോബർട്ട് എച്ച്. മൗൺസ്, *മാത്യു,* ന്യു ഇന്റർനാഷ്ണൽ ബിബിളിക്കൽ കമെന്ററി (പീബഡ്, മാസ്.: ഹെൻഡ്രിക്സൺ പബ്ലിഷേഴ്സ്, 1991), 97. [8]ബാവെർ, 145. ഒരു ദിനാർ എന്നു പറയുന്നത് ഒരു ജോലിക്കാരന്റെ ഒരു ദിവസത്തെ ശമ്പളമാണ് (20:13). [9]ഡേവിഡ് മെന്റൺ, "ദ അമേസിങ് ഹുമൻ ഹെയർ," *ആൻസേഴ്സ്* (ജൂലയ്/സെപ്റ്റംബർ 2007):77. [10]ജെറുശലേം താൽമൂദ് *ഷെബീയിത്ത്* 9.1. "വിത്തൗട്ട് ഹെവൻ,"എന്നു പറയുന്നത് ഒന്നുകിൽ ദൈവത്തിന്റെ അറിവ് അല്ലെങ്കിൽ അവന്റെ പരമോന്നതി.

[11]*പ്ലിനി ലെറ്റേഴ്സ്* 10.96. [12]*പ്ലൂട്ടാർക്ക് മൊരാലിയ* 554ബി. [13]ഡേവിഡ് ഹിൽ, *ദ ഗോസ്പെൽ ഓഫ് മാത്യു,* ദ ന്യു സെഞ്ചുറി ബൈബിൾ കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1972), 195. [14]ജെയിംസ് ബർട്ടൻ കോഫ്മാൻ, *കമെന്ററി ഓൺ മാത്യു* (ആസ്റ്റിൻ, ടെക്സ്.: ഫേം ഫൗണ്ടേഷൻ പബ്ലിഷിങ് ഹൗസ്, 1977), 146. [15]മിഷ്നാ *ബെരാക്കോത്ത്* 5.5. [16]ജാക് പി. ലേവിസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു*, പാർട്ട് 1, ദ ലിവിങ് വേർഡ് കമെന്ററി (ആസ്റ്റിൻ, ടെക്സ്.: സ്വീറ്റ് പബ്ലിഷിങ് കമ്പനി., 1976), 157; നോക്കുക എൻഈബി. [17]വില്യം ഹെൻഡ്രിക്സൺ, *ന്യുടെസ്റ്റമെന്റ് കമെന്ററി: എക്സ്പൊസിഷൻ ഓഫ് ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു* (ഗ്രൻഡ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1973), 478 നോക്കുക എൻഐവി. [18]നോക്കുക വില്യം ബൈറോൺ ഫോർബുഷ്, എഡ്., *ഫോക്സസ് ബുക്ക് ഓഫ് മാർട്ടിഴ്സ്* (ഫിലദെൽഫിയ: യൂണിവേഴ്സൽ ബുക്ക് ആന്റ് ബൈബിൾ ഹൗസ്, 1926), 2–5.